പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058 **26-10-2026-ൽ മറുപടിയ്ക്ക്**

പാൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സന്ദീപ് വാര്യർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനകളിൽ എത്ര സാമ്പിളുകൾ നിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: 2025-2026, 2026-2027 കാലയളവിൽ ആകെ പരിശോധിച്ച പാൽ, പാൽ ഉൽപ്പന്നങ്ങളുടെ എണ്ണം 3860 ആണ്. അവയിൽ193 സാമ്പിൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാരം പാലിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ എത്ര ജില്ലകളിൽ പ്രവർത്തിക്കുന്നുവെന്നും ഇവ കഴിഞ്ഞ മൂന്ന് വർഷം നടത്തിയ പരിശോധനകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

മറുപടി: മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ എല്ലാ ജില്ലകളിലും പ്രവർത്തിയ്ക്കുന്നുണ്ട്. 2024-2025 സാമ്പത്തിക വർഷം 30827 പരിശോധനകളും, 2025-2026 സാമ്പത്തിക വർഷം 40490 പരിശോധനകളും, 2026-2027 കാലയളവിൽ 19103 പരിശോധനകളും നടത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിയമലംഘനവുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിശോധനയെ ബാധിക്കുന്നുണ്ടോ; എങ്കിൽ പരിശോധന ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: FSSAI നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ഒരു ഫുഡ് സേഫ്റ്റി ഓഫീസർക്ക് 1000 ഭക്ഷ്യ ബിസിനസ്സ് ഓപ്പറേറ്റർമാർ (FBOs) എന്ന അനുപാതത്തിലാണ് ഉദ്യോഗസ്ഥരെ വിന്യസിക്കേണ്ടത്. എന്നിരുന്നാലും സംസ്ഥാനത്ത് നിലവിലുള്ള 170 തസ്തികയിൽ ഉള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി കൊണ്ട് ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി വകുപ്പ് നടത്തി വരുന്നു. ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ